# പതിമൂന്നാം കേരള നിയമസഭ

## (പതിമൂന്നാം സമ്മേളനം)

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1881 17/03/2015-ൽ മറുപടിയ്ക്ക്

### പൊതുജലാശയങ്ങളിലെ മത്സ്യകൃഷി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. സി. കൃഷ്ണൻ: | | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) ഉൾനാടൻ ഫിഷറീസും അക്വാ കൾച്ചറും ആക്ട് (2010) അനുസരിച്ച് പൊതുജലാശയങ്ങൾ മത്സ്യകൃഷിക്കായി പാട്ടത്തിന് നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | 2010-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്ടിൻപ്രകാരം പുറപ്പെടുവിച്ചിട്ടുള്ള 2013-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ചട്ടങ്ങളിൽ പൊതു ജലാശയങ്ങൾ മത്സ്യകൃഷിയ്ക്കായി പാട്ടത്തിന് നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട് (ചട്ടം 3). ആക്ടിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾ നടപ്പാക്കുന്നതിന് അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥരെ നിയമിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുകയും ഫിഷറീസ് സംബന്ധിച്ച കാര്യങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാങ്കേതിക ഉപദേശം നൽകുന്നതിന് ഓരോ ജില്ലയിലും ഫിഷറീസ് വകുപ്പിലെ അതത് ജില്ലാ ആഫീസർമാരെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ആക്ടിലെയും ചട്ടങ്ങളിലെയും ഉത്തരവുകളിലെയും വ്യവസ്ഥകൾക്കനുസൃതമായി പൊതുജലാശയങ്ങൾ മത്സ്യകൃഷിക്കായി പാട്ടത്തിന് നൽകുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നടപടി സ്വീകരിക്കാവുന്നതാണ്. |
| (ബി) ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (ബി) | ബാധകമല്ല. |

സെക്ഷൻ ആഫീസർ